**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3051** **10-03-2025 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം യുവജനക്ഷേമം മുൻനിർത്തി നടപ്പാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**<br><br>1. കേരളോത്സവം : ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ, സംസ്ഥാന തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു.<br><br>2. ക്ലബ്ബുകൾ **:** അവളിടം ക്ലബ്ബ് (യുവതി ക്ലബ്), കതിർ കാർഷിക ക്ലബ്, മാരിവില്ല് ക്ലബ്ബ്, യൂത്ത്-യുവാക്ലബ്ബുകൾ എന്നീ ക്ലബ്ബുകളിലൂടെ സാമൂഹിക, കലാ കായിക, സാംസ്കാരിക, വിദ്യാഭ്യാസ, ആരോഗ്യ പ്രവർത്തനങ്ങളിലൂടെ സാമൂഹിക പുരോഗതിക്കായി പ്രവർത്തിച്ചുവരുന്നു.<br><br>3. മണിനാദം : കലാഭവൻ മണി മെമ്മോറിയൽ നാടൻ പാട്ട് മത്സരം.<br><br>4.സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം : സാമൂഹിക പ്രവർത്തനം, മാധ്യമ പ്രവർത്തനം, കല, സാഹിത്യം, കായികം എന്നീ മേഖലകളിൻ മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾക്ക് സംസ്ഥാനതല അവാർഡ് നൽകുന്നു.<br><br>5. യുവമാധ്യമ സെമിനാർ : സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം മാധ്യമരംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് |

അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി സംഘടിപ്പിച്ചു.

6. ശാസ്ത്ര ക്വിസ് : ഹൈസ്കൂൾതലം, നിയോജകമണ്ഡലം, ജില്ലാതലം, സംസ്ഥാനതലം എന്നീ തലങ്ങളിൽ മത്സരം സംഘടിപ്പിച്ചു.

7. സാഹിത്യ ക്യാമ്പ്

8. നീന്തൽ പരിശീലനം : സംസ്ഥാനത്തെ 140 നിയമസഭ നിയോജക മണ്ഡലത്തിലും നീന്തൽ പരിശീലനം സംഘടിപ്പിച്ചു.

9.ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (റീൽസ്) - ഷോർട്ട് ഫിലിം ഫെസ്റ്റിവൽ റീൽസ് 2021 സംഘടിപ്പിച്ചു.

10.കായിക പരിശീലനവും മത്സരങ്ങളും (ഫുട്ബോൾ, കബഡി, വോളീബോൾ).

11.വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ

12. ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ

13.സാഹസിക പ്രവർത്തനങ്ങൾ

14.ലഹരി വിരുദ്ധ ക്യാമ്പയിൻ : ‘No to drugs’ എന്ന മുദ്രാവാക്യം ഉയർത്തി ടീം കേരള, അവളിടം ക്ലബ്ബുകൾ, യുവാ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, മാരിവില്ല് ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബുകൾ തുടങ്ങിയ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ കൂട്ടയോട്ടം, സൈക്കിൾ റാലി, ക്യാമ്പയിൻ, കലാ ജാഥ, സിനിമാ നിർമ്മാണ ശില്പശാല എന്നി പരിപാടികൾ സംഘടിപ്പിച്ചു.

15. പരീക്ഷാ പരിശീലന പദ്ധതി

16. ദിനാചരണങ്ങൾ : യുവജന ദിനം, ഗാന്ധി ജയന്തി, പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം, വനിതാ ദിനം സംഘടിപ്പിച്ചു.

17. ഫിഫ വേൾഡ് കപ്പ് വിളംബര ജാഥയും അനുബന്ധ പരിപാടികളും

18. ടീം കേരള (കേരള യൂത്ത് ഫോഴ്സ്) : യുവാക്കളെ സന്നദ്ധ സേവന രംഗത്ത് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിയ പദ്ധതിയാണ് ടീം കേരള. പ്രളയകാലത്തും കോവിഡ് കാലത്തും യൂത്ത് ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്താൻ സാധിച്ചു.

19. ചലച്ചിത്ര ക്യാമ്പും ചലച്ചിത്ര നിർമ്മാണവും.

20. കേരളീയം : നവംബർ 1 മുതൽ 7 വരെ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച സാംസ്കാരിക

ഉത്സവത്തിന്റെ ഭാഗമായി ഫ്ലാഷ് മോബ്, മ്യൂസിക് ബാൻഡ് എന്നീ പരിപാടികൾ സംഘടിപ്പിച്ചു.

21. മുഖാമുഖം പരിപാടി : 2024 ഫെബ്രുവരി 20-ന് തിരുവനതപുരത്ത് സംഘടിപ്പിച്ച ബഹു. മുഖ്യമന്ത്രിയും യുവജനങ്ങളുമായുള്ള മുഖാമുഖം പരിപാടിയിൽ 37 മേഖലകളിൽ നിന്നുമായി 2000-ത്തോളം യുവതി യുവാക്കൾ പങ്കെടുത്തു.

22.യുവശക്തി : കേരളത്തിന്റെ വികസനത്തിന് യുവജനങ്ങളെയും യുവജന കൂട്ടായ്മകളെയും ഉപയുക്തമാക്കി യുവജനക്ഷേമ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ജില്ലാ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ കോഓർഡിനേറ്റർമാരെ നിയോഗിച്ചാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.

23. ദേവികുളം നാഷണൽ അക്കാഡമി നിർമ്മാണം : യുവാക്കൾക്കിടയിൽ സാഹസിക കായിക വിനോദങ്ങളുടെ പ്രാധാന്യം പ്രചരിപ്പിക്കുക, അവരുടെ കായികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിനുമായി ഇടുക്കി ജില്ലയിലെ ദേവികുളത്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള സ്ഥാപനമായ ദേശിയ സാഹസിക അക്കാദമി പ്രവർത്തിക്കുന്ന കാലപ്പഴക്കമായ മന്ദിരം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2025 മാർച്ച് മാസം സംഘടിപ്പിക്കുന്നു.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

(i) കോളേജുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ

(ii)അദാലത്തുകൾ (ജില്ലാതല അദാലത്തുകൾ, മെഗാ അദാലത്തുകൾ).

(iii)ദേശീയ സെമിനാർ

(iv)യൂത്ത് ഐക്കൺ അവാർഡ്

(v) കോളേജുകളിലും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, തീരദേശ മേഖലകളിലും ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചു.

| | | | |
|---|---|---|---|
| | | | (vi)യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'<br><br>(vii)ഇ.എം.എസ് മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗം, ചെസ്സ് എന്നീ മത്സരങ്ങളും യുവജനദിന പരിപാടികളും സംഘടിപ്പിച്ചു.<br><br>(viii)യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം<br><br>a)ഗ്രീൻ യൂത്ത് പദ്ധതി<br><br>b)യുവകർഷക സംഗമം<br><br>c)ജോബ് ഫെസ്റ്റുകൾ<br><br>(ix)സ്ത്രീധനത്തിനെതിരെയും ലഹരിയ്ക്കെതിരെയും ബോധവൽക്കരണ ക്യാമ്പെയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസെലിംഗ്/ ഹ്രസ്വ ചിത്രമത്സരം സംഘടിപ്പിച്ചു. |
| (ബി) | പ്രസ്തുത കാലയളവിൽ യുവജനക്ഷേമ കമ്മീഷൻ എത്ര സിറ്റിങ്ങുകൾ ഏതൊക്കെ ജില്ലകളിൽ നടത്തിയെന്നും അതിൽ എന്തൊക്കെ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ യുവജനക്ഷേമ കമ്മീഷൻ നടത്തിയ സിറ്റിങ്ങുകളുടെ വിശദാംശങ്ങളും അതിൽ എടുത്ത തീരുമാനങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | സംസ്ഥാന യുവജനക്ഷേമ ബോർഡിലെയും യുവജനക്ഷേമ കമ്മീഷനിലെയും ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

| ക്രമ. നം | ജില്ല | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 8 | 15 | 7 | 5 |
| 2 | കൊല്ലം | 1 | 1 | 1 | 1 |
| 3 | പത്തനംതിട്ട | 1 | 1 | 1 | 1 |
| 4 | ആലപ്പുഴ | 1 | 1 | 1 | 1 |
| 5 | കോട്ടയം | 1 | 1 | 1 | 1 |
| 6 | ഇടുക്കി | 1 | 1 | 1 | 1 |
| 7 | എറണാകുളം | 2 | 1 | 1 | 2 |
| 8 | തൃശ്ശൂർ | 1 | 1 | 1 | 1 |
| 9 | പാലക്കാട് | 1 | 1 | 1 | 1 |
| 10 | മലപ്പുറം | 1 | 1 | 1 | 1 |
| 11 | കോഴിക്കോട് | 1 | 1 | 1 | 2 |
| 12 | വയനാട് | 1 | 1 | 1 | 1 |
| 13 | കണ്ണൂർ | 1 | 1 | 1 | 1 |
| 14 | കാസർഗോഡ് | 1 | 1 | 1 | 1 |
| | | **22** | **28** | **20** | **20** |
| | **ആകെ അദാലത്തുകൾ** | **90** | | | |

**2021 മുതൽ 2025 വരെയുള്ള കാലയളവിൽ കമ്മീഷൻ നടത്തിയ സിറ്റിംഗിന്റെ ഭാഗമായി എടുത്ത തീരുമാനങ്ങൾ.**

1 സെറിബ്രൽ പാൾസി എന്ന രോഗം ബാധിച്ച് ചികിത്സയിൽ തുടരുന്ന പരാതികക്ഷിയുടെ ഒന്നേമുക്കാൽ വയസ്സുള്ള മകന് മലയാറ്റൂർ ജീവധാര ആശുപത്രിയിൽ മാസത്തിൽ 24 ദിവസവും ചികിത്സിക്കേണ്ടതുണ്ട് എന്നും ആയതിന് മാസം തോറും 30000 രൂപ ആവശ്യമാണെന്നും മൂന്ന് വർഷത്തെ ചികിത്സ ആവശ്യമാണെന്ന് ഡോക്ടർ അറിയിച്ചിട്ടുള്ളതായുമുള്ള സാഹചര്യം പരിഗണിച്ച് കുഞ്ഞിന്റെ തുടർ ചികിത്സയ്ക്ക് സഹായം നൽകണമെന്നാവശ്യപ്പെട്ടുള്ള എറണാകുളം ജില്ലയിൽ നിന്നു ലഭിച്ച പരാതി അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാശ ചെയ്തിരുന്നു.

2 എസ്.എൻ.ഡി.പി. യോഗം ശതാബ്ദി സ്മാരക കോളേജ്(പെരിന്തൽമണ്ണ) പ്രിൻസിപ്പൾ മുഴുവൻ സമയവും കോളേജിൽ ഹാജരാകുന്നില്ല എന്ന പരാതി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രിൻസിപ്പാളിന്റെ പ്രത്യേക ശ്രദ്ധ കോളേജിന് ആവശ്യമായതിനാലും കൂടാതെ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കോളേജ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല എന്നും യൂണിവേഴ്സിറ്റി മാനദണ്ഡങ്ങൾ പാലിച്ച് കോളേജ് പ്രവർത്തിക്കണമെന്ന് കോളേജ് പ്രിൻസിപ്പാളിനും ; പരീക്ഷ സമയങ്ങളിൽ പ്രത്യേകമായി ടാർഗറ്റ് ചെയ്ത് ഒന്നിലധികം തവണ വിവിധ അധ്യാപകർ പരിശോധിക്കുകയും ഹാൾ ഷഫിൾ ചെയ്ത് മറ്റ് റൂമിലേയ്ക്ക് മാറ്റിയിരുത്തിയിട്ടുള്ളതായും അതുപോലെ തന്നെ, ബോയ്സ്, ഗേൾസ് എന്നെഴുതി പ്രത്യേകമായി വിദ്യാർത്ഥികളെ ക്യാമ്പസ് പരിസരത്ത് വേർതിരിച്ചിരുത്തുന്നതായും ഇത് കുട്ടികൾക്ക് മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്നതായുമുള്ള പരാതിയിന്മേലും രാവിലെ ഹാജരാകാത്ത കാരണം പറഞ്ഞ് ഉച്ചയ്ക്ക് ശേഷം ഹാജരായാലും അറ്റൻഡൻസ് നൽകാതിരിക്കുകയും പരാതി നൽകുമ്പോൾ മറ്റാരോപണങ്ങൾ പറഞ്ഞ് അധ്യാപകരോട് മോശമായി പെരുമാറി എന്നാരോപിച്ച് സ്ത്രീത്വത്തെ അപമാനിച്ചു എന്ന് ആരോപണം ഉന്നയിച്ച്

അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു എന്നുമുള്ള വിദ്യാർത്ഥികളുടെ പരാതിയുടെ അടിസ്ഥാനത്തിലും ഭാവിയിൽ വിദ്യാർത്ഥി വിരുദ്ധ പ്രവർത്തനങ്ങൾ ടി കോളേജിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ വേണ്ട നിർദ്ദേശം സർവ്വകലാശാല തലത്തിൽ നൽകണമെന്ന് കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർക്കും കമ്മീഷൻ നിർദ്ദേശം നൽകി

3 മരുന്ന് വിതരണത്തിന് ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുകൾ അത്യാവശ്യമാണ്. എന്നാൽ, ഇടുക്കി ജില്ലയിലെ കാരിക്കോട്, വണ്ണപ്പുറം, വെള്ളിയാമറ്റം, പുറപ്പുഴ, അറക്കുളം, വട്ടവട എന്നീ ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ല എന്നും, നിലവിൽ ടി സ്ഥാപനങ്ങളിൽ ഡിസ്പെൻസർ തസ്തികയാണ് അനുവദിച്ചിരിക്കുന്നത് എന്നും, ടി തസ്തികയിൽ ഉള്ളവരാണ് നിലവിൽ ടി സ്ഥാപനങ്ങളിൽ മരുന്ന് കൊടുക്കുന്നത് എന്നും ഇതുമൂലം യുവജനങ്ങൾക്കുള്ള തൊഴിൽ സാധ്യതകളാണ് ഇല്ലാതാകുന്നത് എന്നുമുള്ള പരാതി കമ്മീഷൻ പരിഗണിക്കുകയും അതിന്റെ ഗൌരവം കണക്കിലെടുത്ത് പ്രസ്തുത വിഷയത്തിന്മേൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോട് ശുപാർശ ചെയ്യുകയും ചെയ്തു.

4 കെ.എസ്.ഇ.ബി. സ്പെഷ്യൽ റൂൾ പ്രകാരം നിയമന പ്രായപരിധിയിൽ മാറ്റം വരുന്നതുസംബന്ധിച്ച് ശ്രീ. സജിത്ത് കൃഷ്ണൻ ജി കമ്മീഷന് സമർപ്പിച്ച പരാതിയിൽ കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള പ്രായപരിധി 36 ൽ നിന്നും 30 ആയി കുറയ്ക്കുന്നത് 2013 ന് മുമ്പ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദം, ഡിപ്ലോമ, ഐ.ടി.ഐ. എന്നിവ പൂർത്തിയായവർക്ക് വരുന്ന നിയമന പരീക്ഷയിൽ അപേക്ഷിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാക്കുമെന്ന് ബോധിപ്പിച്ചിരുന്നു. സ്പെഷ്യൽ റൂൾസിന്റെ കരട് രേഖയിൽ ഇത്തരം മാറ്റം ഉൾപ്പെടുത്തുന്നത് ഉദ്യോഗാർത്ഥികളെയാകെ ബാധിക്കുന്നതാണ്. ആയതിനാൽ, പരാതിയിലെ വിഷയം അനുഭാവപൂർവ്വം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ഇ.ബി സെക്രട്ടറിയോട് കമ്മീഷൻ ശുപാർശ ചെയ്തു.

5 കേരള സർവ്വകലാശാല പഠന വകുപ്പിലെ എം.എസ്.സി. കെമിസ്ട്രി ബിരുദാനന്തരബിരുദ പ്രോഗ്രാമിന്റെ 2016-2018 അക്കാദമിക് വർഷത്തിലെ രണ്ടാം സെമസ്റ്റർ റഗുലർ പരീക്ഷ എഴുതാൻ സാധിച്ചില്ല എന്ന പരാതി ലഭിച്ചിരുന്നു. ആരോഗ്യകാരണങ്ങൾ കാരണം 08-06-2017 ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചതിനാലാണ് റഗുലർ പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നത് എന്ന് പരാതിയിൽ ബോധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ, മാനുഷിക പരിഗണന വച്ച് ടിയാന് എം.എസ്.സി. കെമിസ്ട്രി ബിരുദാനന്തരബിരുദ പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതാൻ അവസരം നൽകണമെന്ന് കേരള സർവ്വകലാശാല രജിസ്ട്രാർക്ക് കമ്മീഷൻ ശുപാർശ ചെയ്തു.

6 വാഹനാപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച് അവയവങ്ങൾ ദാനം ചെയ്ത അനുജിത്തിന്റെ കുടുംബത്തിന് ജീവിക്കാൻ വരുമാനമാർഗങ്ങൾ ഇല്ല എന്ന് ടി അനുജിത്തിന്റെ വിധവ സമർപ്പിച്ച പരാതിയിൽ ബോധിപ്പിച്ചിട്ടുണ്ട്. അമ്മയും 4 വയസ്സുള്ള മകനും അടങ്ങുന്ന കുടുംബത്തിന് ഒരു വരുമാന മാർഗം ആവശ്യമാണ്. ഈ സാഹചര്യത്തിൽ പരാതിയിലെ വസ്തുതകൾ പരിശോധിച്ച് ടി വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാതികക്ഷിക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറിയോട് കമ്മീഷൻ ശുപാർശ ചെയ്തു.

7 ആരോഗ്യമേഖലയിലെ ഉപകരണങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുകയും ശരിയായി നിലനിർത്തുകയും ചെയ്യുന്ന ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ സേവനം ശരിയായ ചികിത്സ നൽകുന്നതിനും രോഗിയുടെ അതിജീവനത്തിനും അത്യന്താപേക്ഷിതമാണ്. ആശുപത്രികളിൽ 250 ബെഡിന് ഒരു ബയോമെഡിക്കൽ സ്റ്റാഫ് ആവശ്യമാണ്. എന്നാൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനങ്ങളിലൂടെയാണ് ഈ മേഖല പ്രവർത്തിക്കുന്നത്. ആയതിനാൽ

പൊതുജനാരോഗ്യ സംരക്ഷണത്തിന് അനിവാര്യമായ ബയോമെഡിക്കൽ സ്റ്റാഫ് തസ്തികകൾ സൃഷ്ടിച്ച് പി .എസ്.സ്സി നിയമനം നടത്താൻ സാധിക്കുമോ എന്നത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ശുപാർശ നൽകി.

8 കോവിഡ് മഹാമാരി മൂലം ദുരിതമനുഭവിക്കുന്നവർക്കും മാനസിക പിരിമുറുക്കം അനുഭവിക്കുന്നവർക്കും മാനസിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ ക്രൈസ്റ്റ് കോളേജിൽ വെച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഡിഫൻസ് ഫോർസിന്റെ നേതൃത്വത്തിൽ ടെലി കൌൺസിലിംഗ് സംഘടിപ്പിച്ചു. 1319 കോവിഡ് ബാധിതരായ വ്യക്തികളെ ടെലി കൌൺസിലിംഗിന്റെ ഭാഗമായി സമീപിക്കുകയും അതിൽ 311 പേർക്ക് മാനസികമായ പിൻതുണ നൽകുകയും ചെയ്തു. 183 വ്യക്തികളെ രണ്ടിൽ അധികം തവണ ഫോണിൽ വിളിച്ച് മാനസിക പിരിമുറുക്കങ്ങൾ ലഘൂകരിക്കാൻ സാധിച്ചു.

9 വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമം തടയുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ 'സഖി വൺ സ്റ്റോപ്പ് സെന്റർ', "International Day for Elimination of all Kind of Violence Against Women" എന്നതുമായി ബന്ധപ്പെട്ട് നവംബർ 25 മുതൽ ഡിസംബർ 10 വരെ നടത്തിയ വിവിധ തരം പരിപാടിയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ സഹകരിക്കുകയും വുമൺ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, നെടുപുഴ, തൃശ്ശൂർ സംയുക്തമായി വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചു കൊണ്ട് സംവാദം, സൌഹൃദ നടത്തം എന്നിവ സംഘടിപ്പിക്കുകയും ചെയ്തു.

10 വാഹനാപകടത്തെ തുടർന്ന് ഗുരുതരമായി ശാരീരിക ബുദ്ധിമുട്ട് നേരിടുകയും സാമ്പത്തികമായി പരാധീനത അനുഭവിക്കുകയും ചെയ്യുന്ന ഇടുക്കി ജില്ലയിലെ ലിജോ ജോസ് എന്ന പരാതിക്കക്ഷിക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കണമെന്നും മനുഷ്യത്വപരമായി ഈ വിഷയത്തിൽ ഇടപെട്ട്, അപേക്ഷകന് പലിശയിലും തിരിച്ചടവ് കാലാവധിയിലും പരമാവധി ഇളവ് നൽകണമെന്നും ആവശ്യപ്പെട്ട് സൌത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടർക്ക് കമ്മീഷൻ ശുപാർശ നൽകി.

11 പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തുന്ന ഹാളുകളിൽ ഉദ്യോഗാർത്ഥികൾക്ക് നിലവിൽ വാച്ച് ഉപയോഗിക്കാൻ അനുവാദമില്ല. പരീക്ഷ എഴുതുന്നവർക്ക് സമയം നോക്കുന്നതിനുള്ള സംവിധാനം പരീക്ഷ ഹാളുകളിൽ ഇല്ല. ഇത് ഉദ്യോഗാർത്ഥികൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട് എന്ന് കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ, പി.എസ്.സി. പരീക്ഷ നടത്തുന്ന ഹാളുകളിൽ ക്ലോക്ക് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പി & എ.ആർ.ഡി പ്രിൻസിപ്പൽ സെക്രട്ടറിക്ക് കമ്മീഷൻ ശുപാർശ നൽകി.

12 സംസ്ഥാനത്ത് ഇന്ന് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വർദ്ധിച്ചുവരികയാണ്. ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ വഴി ലോൺ കൊടുക്കുകയും അമിത പലിശ ഈടാക്കുകയും ആവശ്യപ്പെടുന്ന പലിശ നൽകിയില്ലെങ്കിൽ, ലോൺ എടുത്തയാളെ ഭീഷണിപ്പെടുത്തുകയും സമൂഹമാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നതായും അപേക്ഷകരുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിച്ച് അത് ദുരുപയോഗം ചെയ്യുന്നതായും പരാതികൾ കമ്മീഷന് ലഭിച്ചിരുന്നു. കൂടുതലും യുവജനങ്ങളാണ് ഇത്തരം തട്ടിപ്പുകൾക്ക് ഇരയാകുന്നത്. പോലീസിനും ഇത്തരം നിരവധി പരാതികൾ ലഭ്യമാകുന്നുണ്ട് എന്ന് കമ്മീഷൻ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വ്യാപകമായി നടക്കുന്നതിനാൽ ഈ വിഷയത്തിൽ പോലീസ് സജീവമായി ഇടപെടേണ്ടത് അത്യാവശ്യമാണെന്ന് കമ്മീഷൻ കണ്ടെത്തിയിരുന്നു. അതിനാൽ, ഇത്തരം തട്ടിപ്പുകൾ തടയുന്നതിനും ഇത് സംബന്ധിച്ച് സമൂഹത്തിൽ

അവബോധം സൃഷ്ടിക്കുന്നതിനും സംസ്ഥാന പോലീസിന്റെ സൈബർ ഡോമിന് കീഴിൽ ഒരു പ്രത്യേക ടീമിനെ നിയോഗിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് കമ്മീഷൻ ശുപാർശ ചെയ്തു.

13 ബാങ്ക് ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലി സംബന്ധമായുണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങളെ തരണം ചെയ്യുന്നതിന് അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടത് അത്യാവശ്യമായിരിക്കുന്നു. തൊഴിൽ സ്ഥാപനങ്ങളിൽ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനാവശ്യമായ കൌൺസലിംഗ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിന് കമ്മീഷൻ ശുപാർശ നൽകി.

14 മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ തസ്തിക ഭിന്നശേഷി സംവരണത്തിന് അനുയോജ്യമാണോ എന്ന വിഷയം 2018 മുതൽ ചേർന്ന എക്സ്പേർട്ട് കമ്മിറ്റികളുടെ പരിഗണനയിൽ വന്നെങ്കിലും നാളിതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല എന്ന് കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്. നടപടിക്രമത്തിൽ വന്ന ഈ വീഴ്ച്ചമൂലം അർഹതപ്പെട്ടവർക്കുള്ള നിയമനം തടസ്സപ്പെട്ടിരിക്കുകയാണ്. ആയതിനാൽ ടി വിഷയത്തിൽ എക്സ്പേർട്ട് കമ്മിറ്റി കൂടി തീരുമാനമെടുത്ത് ഈ തസ്തിക നോട്ടിഫൈ ചെയ്യണമെന്ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിക്ക് കമ്മീഷൻ ശുപാർശ ചെയ്തു.

15 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഡിപ്പാർട്ട്മെന്റ് പാലിക്കുന്നില്ലെന്നും കൊല്ലം ജില്ലയിൽ അനുവദിക്കപ്പെട്ട 254 സാങ്ഷൻഡ് സ്ട്രെങ്ത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 & അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിൽ 127 പേരും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ 76 പേരും മാത്രമാണുള്ളത്. അങ്ങനെയായാൽ പോലും 51 ഒഴിവുകൾ വരുന്നു. എന്നാൽ 18 ഒഴിവുകൾ മാത്രമാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായതുപോലെ കൊല്ലം ജില്ലയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന പരാതിയിലെ ആവശ്യം പരിശോധിച്ച് അടിയന്തിരമായി ഉചിതമായ നടപടി സ്വീകരിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കമ്മീഷൻ ശുപാർശ ചെയ്തു.

16 ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കലാലയങ്ങളിൽ ജെൻഡർ എജ്യൂക്കേഷൻ പ്രചാരണം നടത്തുകയും പാഠ്യപദ്ധതിയിൽ ജെൻഡർ എജ്യൂക്കേഷൻ ഉൾപ്പെടുത്താൻ സർക്കാരിലേയ്ക്ക് ശുപാർശയും ചെയ്തു.

17 സംസ്ഥാനത്തെ കോളജുകളിൽ വിദ്യാർഥികൾക്കുള്ള മൊബൈൽ ഫോൺ നിയന്ത്രണം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് യുവജന കമ്മീഷൻ സർക്കാരിന് ശിപാർശ നൽകി.

18 പി എസ് സി പരീക്ഷാ ഹാളുകളിൽ ക്ലോക്ക് സ്ഥാപിക്കുന്നത് നിർബന്ധമാക്കാൻ യുവജന കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തു.

19 'അന്ധവിശ്വാസ അനാചാര നിർമ്മാർജ്ജന ബിൽ' നിയമസഭ പാസ്സാക്കി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനോട് ശുപാർശ ചെയ്തു.

20 പ്രസവാവധിക്ക് അപേക്ഷിച്ചിട്ടും 2 മാസത്തെ "Notice in writing" നൽകുക പോലും ചെയ്യാതെ പിരിച്ചുവിട്ട ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമപ്രകാരമല്ല എന്ന് കമ്മീഷൻ നിരീക്ഷിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പരാതികക്ഷിയുടെ ആവശ്യത്തിന്മേൽ ഉചിതമായ തീരുമാനം ഉണ്ടാകണമെന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് കമ്മീഷൻ ശിപാർശ ചെയ്തു.

21 നിലവിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാഹനം വാങ്ങുന്നതിന് വകുപ്പ് വഴി സബ് സിഡി ലഭിക്കുന്നുണ്ടെന്നും എന്നാൽ ഈ ആനുകൂല്യം പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്നില്ലായെന്നും കമ്മീഷന് ബോധ്യപ്പെട്ടുകയുണ്ടായി. ആയതിനാൽ, പട്ടികജാതി വിഭാഗങ്ങൾക്ക് ഉള്ളതുപോലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വാഹനങ്ങൾ വാങ്ങുന്നതിന് വേണ്ടി ധന സഹായം അനുവദിക്കുന്ന പദ്ധതി എസ്.സി.എസ്.ടി. കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിൽ അനുകൂല നടപടി സ്വീകരിക്കണമെന്ന് സർക്കാരിന് കമ്മീഷൻ ശുപാർശ ചെയ്യുകയും അനുകൂല നടപടി ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

22 അച്ചടി വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് പ്രസ്സുകളിലെ ബൈൻഡർ ഗ്രേഡ് II തസ്തികയിലെ ബൈ ട്രാൻഫർ/ബൈ പ്രമോഷൻ നിയമനവും പി.എസ്.സി മുഖേനയുള്ള നിയമനവും തമ്മിലുള്ള അനുപാതം 1 : 9 ആക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തണമെന്നും കോപ്പി ഹോൾഡർ(മലയാളം) എന്ന തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിനായി അടിയന്തിരമായി സ്പെഷ്യൽ റൂൾസ് രൂപീകരിക്കണമെന്നും സർക്കാരിന് കമ്മീഷൻ ശുപാർശ ചെയ്തു.

23 പി.എസ്.സി പരീക്ഷ നടത്തുന്ന ഹാളുകളിൽ സമയം നോക്കുന്നതിന് സംവിധാനം ഇല്ലാത്തത് ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട് എന്ന് കമ്മീഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പി.എസ്.സി പരീക്ഷ നടത്തുന്ന ഹാളുകളിൽ ക്ലോക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് കമ്മീഷൻ സർക്കാരിന് ശുപാർശ നൽകി.

24 ആലപ്പുഴ, അഴീക്കോട്(തൃശ്ശൂർ), പൊന്നാനി(മലപ്പുറം), കാസർഗോഡ് എന്നീ ഫിഷറീസ് സ്റ്റേഷനുകളിൽ ഓരോ ക്ലർക്ക് കം ടൈപ്പിസ്റ്റ് തസ്തിക സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ, ടി തസ്തികകൾ സൃഷ്ടിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ടി ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് ഗുരുതര വീഴ്ച്ചയായി കമ്മീഷന് ബോധ്യപ്പെട്ടു. വേക്കൻസികൾ അടിയന്തിരമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നുള്ള സർക്കാരിന്റെ പൊതുനിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കമ്മീഷൻ അതൃപ്തി രേഖപ്പെടുത്തുകയും സർക്കാർ അനുവദിച്ച ക്ലർക്ക് കം ടൈപ്പിസ്റ്റ് പോസ്റ്റുകൾ അടിയന്തിരമായി നികത്താനാവശ്യമായ ഇടപെടൽ സർക്കാർ തലത്തിൽ ഉടൻ ഉണ്ടാകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

25 പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ജീവനക്കാരുടെ വീഴ്ച്ചമൂലം പരാതിക്കാരനായ ശ്രീ. ശ്രീജിത്ത് എൻ ന് ജോലിയ്ക്കുള്ള അവസരം നഷ്ടപ്പെട്ട സാഹചര്യത്തിൽ ഓഫീസിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിവ്യൂ ശക്തിപ്പെടുത്തേണ്ടതുണ്ട് എന്നും അതോടൊപ്പം പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ ഒരു പരിശോധന ആവശ്യമാണെന്നും കമ്മീഷന് ബോധ്യപ്പെട്ടിരുന്നു. 2022 ഡിസംബർ മുതൽ 2023 ഏപ്രിൽ വരെയുള്ള കാലയളവിലെ വേക്കൻസി സംബന്ധിച്ച Calender of action പരിശോധിച്ച് ആവശ്യമായ നടപടി എടുത്ത് റിപ്പോർട്ട് ചെയ്യണമെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

26 കണ്ണൂർ ജില്ലയിൽ തിമിരി വില്ലേജിൽ മുന്നൂർ കുളം എന്ന സ്ഥലത്ത് ശ്രീ. രാജീവൻ എന്നയാൾക്ക് കരിങ്കൽ ക്വാറി ലൈസൻസ് നൽകുന്നതിനായി എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിച്ചതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും നേർവിചാരണയിൽ ബോധിപ്പിക്കപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിലും തിമിരി വില്ലേജ് ഓഫീസർ വസ്തുതകൾ മറച്ചുവെച്ചുകൊണ്ടാണ് സർവ്വേ മാപ്പ് നൽകിയിട്ടുള്ളതെന്നും തെറ്റായ സർവ്വേ മാപ്പിന്റെ അടിസ്ഥാനത്തിലാണ് എൺവയോൺമെന്റൽ ക്ലിയറൻസ് നൽകിയിട്ടുള്ളത് എന്നും കമ്മീഷന് ബോധ്യപ്പെടുകയും. മേൽ സാഹചര്യത്തിൽ തെറ്റായ സർവ്വേ മാപ്പ് തയ്യാറാക്കി നൽകിയ വില്ലേജ് ഓഫീസർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കണമെന്നും തെറ്റായ സർവ്വേ മാപ്പിന്റെ അടിസ്ഥാനത്തിൽ SEIAA നൽകിയ സൂചന 3 ലെ എൻവയോൺമെന്റൽ ക്ലിയറൻസ് റദ്ദാക്കുന്നതിനുള്ള വ്യക്തമായ ശുപാർശ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയ്ക്ക് നൽകണമെന്നും സർക്കാരിന് കമ്മീഷൻ ശുപാർശ ചെയ്തു. സ്ഥലം ഉടമയെ സഹായിക്കുന്ന തരത്തിൽ തെറ്റായ സർവ്വേ മാപ്പ് നൽകിയ വില്ലേജ് ഓഫീസർക്കെതിരെ നടപടി സ്വീകരിക്കണമെന്നും തെറ്റായി തയ്യാറാക്കിയ സർവ്വേ മാപ്പിന്റെ അടിസ്ഥാനത്തിൽ രാജീവൻ പി പി എന്നയാൾക്ക് SEIAA നൽകിയ എൻവയോൺമെന്റൽ ക്ലിയറൻസ് റദ്ദാക്കുന്നതിനുള്ള ശുപാർശ പ്രസ്തുത അതോറിറ്റിയ്ക്ക് നൽകണമെന്നും ജില്ലാ കളക്ടർക്ക് കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, കമ്മീഷൻ നിർദ്ദേശം അവഗണിക്കുകയും ശുപാർശകളിന്മേൽ നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്ത ജില്ലാ കളക്ടറുടെ നടപടികളിന്മേലും സർക്കാർ തലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കണമെന്നും സർക്കാരിന് കമ്മീഷൻ ശുപാർശ ചെയ്തു.

27 പരീക്ഷ മൂല്യ നിർണ്ണയ നടപടികൾ ത്വരിതപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. മൂല്യ നിർണ്ണയത്തിൽ ഉണ്ടാകുന്ന കാലതാമസം കാരണം നിരവധി വിദ്യാർത്ഥികളുടെ വർഷങ്ങൾ ഇല്ലാതാകുന്നു. ആയതിനാൽ, യൂണിവേഴ്സിറ്റി പരീക്ഷ മൂല്യ നിർണ്ണയ നടപടികൾ ത്വരിതപ്പെടുത്തണമെന്നും മൂല്യ നിർണ്ണയത്തിനായി പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതും ഉചിതമായിരിക്കുമെന്നും സപ്ലിമെന്ററി പരീക്ഷാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി പരമാവധി വേഗത്തിൽ മൂല്യ നിർണ്ണയം നടത്തുവാൻ സംവിധാനം ഏർപ്പെടുത്തണമെന്നും സർക്കാരിനും കേരള സർവ്വകലാശാല രജിസ്ട്രാർക്കും കമ്മീഷൻ നിർദ്ദേശം നൽകി.